"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിൽ നിന്നും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറായി റിട്ടയർ ചെയ്ത ശ്രീ.എൻ.രമേശനിൽ നിന്നും സമ്മതപത്രം വാങ്ങിക്കൊണ്ട് ടിയാളുടെ അന്ത്യോപദാനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1518/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 19.07.2019.

പരാമർശം: 1) 11.09.2017-ലെ ശ്രീ.എൻ.രമേശന്റെ അപേക്ഷ.

2) ഗ്രാമവികസന കമ്മീഷണറുടെ 04.11.2017, 24.06.2019 എന്നീ തീയതികളിലെ 863/എസ്റ്റാ.എ4/12/സിആർഡി നമ്പർ കത്ത്.

3) 22.02.2017-ലെ വിജിലൻസ് ഡയറക്ടറുടെ ഇ17/വിസി4/05/കണ്ണൂർ നമ്പർ കത്ത്.

**ഉത്തരവ്**

2000-ൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പേരാവൂർ ബ്ലോക്ക് പഞ്ചായത്തിലെ തെരഞ്ഞെടുപ്പ് ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് ശ്രീ.എൻ.രമേശന്റെ ബാദ്ധ്യതയായി രൂപ.29,366/- തെരഞ്ഞെടുപ്പ് കമ്മീഷണർ നിശ്ചയിക്കുകയും, ടി തുക തിരിച്ചടച്ചതിനാൽ ടിയാൾക്കെതിരെയുള്ള വിജിലൻസ് കേസ് പിൻവലിക്കുവാൻ കണ്ണൂർ ജില്ലാ കളക്ടർ വിജിലൻസിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ, ടിയാൾക്കെതിരെയുള്ള വിജിലൻസ് കേസ് സിസി.നം.39/2007 തീർപ്പായിട്ടില്ലാത്തതിനാൽ, ടിയാൾക്ക് അന്ത്യോപദാനം അനുവദിച്ച് നല്കിയിട്ടില്ലായെന്നും, മാനുഷിക പരിഗണന നല്കി ഡി.സി.ആർ.ജി. അനുവദിച്ചു നൽകണമെന്നും പരാമർശം (1) പ്രകാരം ശ്രീ. രമേശൻ അപേക്ഷിച്ചിരുന്നു.

2. ശ്രീ.രമേശന്റെ ഡി.സി.ആർ.ജി. വിതരണം ചെയ്യുന്നത് ടിയാൾക്കെതിരെ നിലനിൽക്കുന്ന വിജിലൻസ് കേസിന്റെ വിചാരണയെ ബാധിക്കുകയില്ലായെന്നും, അതിനാൽ സർക്കാർ നിർദ്ദേശിക്കുന്ന ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ ശ്രീ.രമേശന്റെ ഡി.സി.ആർ.ജി. വിതരണം ചെയ്യാവുന്നതാണെന്നും പരാമർശം (3) പ്രകാരം വിജിലൻസ് വകുപ്പ് അറിയിച്ചിരുന്നു.

3. ശ്രീ.രമേശനെതിരെയുള്ള വിജിലൻസ് കേസ് തലശ്ശേരി സ്പെഷ്യൽ ജഡ്ജ് കോടതിയുടെ പരിഗണനയിലായതിനാൽ, ടിയാളിൽ നിന്നും 21.06.2014-ലെ 64/2014/ധന നമ്പർ സർക്കുലറിന്റെ അനുബന്ധം-1 പ്രകാരമുള്ള സമ്മതപത്രം വാങ്ങി, അനുകമ്പാടിസ്ഥാനത്തിൽ, ടിയാളുടെ ഡി.സി.ആർ.ജി. വിതരണം ചെയ്യാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രമേശൻ സേവനത്തിൽ നിന്നും വിരമിച്ചിട്ട് 10 വർഷം കഴിഞ്ഞിട്ടുള്ളതിനാലും, ടിയാന്റെ പേരിൽ ഉണ്ടായിരുന്ന ബാദ്ധ്യത തിരിച്ചടച്ചിട്ടുള്ളതിനാലും, ടിയാന്റെ പേരിൽ നിലവിൽ സർക്കാരിന് ബാദ്ധ്യതയൊന്നുമില്ലാത്തതിനാലും, രോഗാവസ്ഥ കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യം കണക്കിലെടുത്തും മാനുഷിക പരിഗണന നല്കി, ശ്രീ.രമേശന്റെ

പക്കൽ നിന്നും 21.06.2014-ലെ 64/2014/ധന നമ്പർ സർക്കുലർ പ്രകാരമുള്ള സമ്മതപത്രം വാങ്ങി, ടിയാളുടെ ഡി.സി.ആർ.ജി. വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.എൻ.രമേശൻ, കാത്തോടിൽ വീട്, പുത്തൻകര പി.ഒ, നീണ്ടകര, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, കൊല്ലം

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം

✓ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ